ലക്കം 23

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

**For Private Circulation only**

## നിങ്ങൾ ആരാണ്?

*(അപ്പൊസ്തല പ്രവൃത്തി 19: 10-20 വരെയുള്ള വേദഭാഗം ആസ്പദമാക്കിയുള്ള ഒരു സംഭവ വിവരണമാണ് ചുവടെ ചേർത്തിട്ടുള്ളത്).*

ഏകദേശം രണ്ടുവർഷങ്ങളായി അപ്പൊസ്തലനായ പൗലോസ് ശുശ്രൂഷ ചെയ്തസ്ഥലമായിരുന്നു എഫെസോസ് പട്ടണം. രക്ഷയുടെയും പരിശുദ്ധാത്മാവിന്റെയും ദൈവരാജ്യത്തിന്റെയും അത്ഭുതസന്ദേശങ്ങൾ അദ്ദേഹം പങ്കുവച്ചു. ഏഷ്യാമൈനറിലുണ്ടായിരുന്ന യഹൂദന്മാരോടും യവനന്മാരോടും സുവാർത്തയായ സുവിശേഷം പങ്കുവച്ചു. അസാധാരണമായ നിലയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പൗലോസിന്മേൽ വ്യാപരിക്കുകയും വിടുതലും അത്ഭുത രോഗശാന്തിയും കൊണ്ട് തന്റെ വചനത്തെ ഉറപ്പിക്കുകയും ചെയ്തു. ദൈവം പൗലോസ് മുഖാന്തരം അസാധാരണമായ വീര്യപ്രവർത്തികളെ ചെയ്യിക്കയാൽ അവന്റെ ശരീരത്തിൽ നിന്ന് റൂമാലും ഉത്തരീയവും രോഗികളുടെ മേൽ കൊണ്ടുവന്നിടുകയും വ്യാധികൾ വിട്ടുമാറുകയും ദുരാത്മാക്കൾ അവരെ വിട്ടുമാറുകയും ചെയ്തു.

യഹൂദന്മാരിൽ ചിലർ വ്യാധികളെ സുഖപ്പെടുത്തുവാനും ദുരാത്മാക്കളെ പുറത്താക്കുവാനും മറ്റും മന്ത്രവാദവും ആഭിചാരവും പ്രയോഗിച്ചു നോക്കി. പൗലോസ് ശുശ്രൂഷിക്കുമ്പോൾ കേട്ട യേശുവിൻ നാമവും അവർ ഉപയോഗിച്ചു പരിശ്രമിച്ചു. ദുരാത്മാക്കൾ ബാധിച്ചവരുടെ മേൽ കൈവച്ചിട്ട് "പൗലോസ് പ്രസംഗിക്കുന്ന യേശുവിൻ നാമത്തിൽ കല്പിക്കുന്നു പുറത്തുവരിക" എന്നവർ ആവശ്യപ്പെട്ടു. ഇങ്ങനെ ചെയ്തവർ മഹാപുരോഹിതനായ സ്കേവാ എന്ന ഒരു യഹൂദന്റെ ഏഴ് പുത്രന്മാർ ആയിരുന്നു. ദുരാത്മാവ് അവരോടു: "യേശുവിനെ ഞാൻ അറിയുന്നു. പൗലോസിനെയും ചരിചയമുണ്ട്. എന്നാൽ നിങ്ങൾ ആർ ? എന്നു ചോദിച്ചു". പിന്നെ ദുരാത്മാവുള്ള മനുഷ്യൻ അവരുടെ മേൽ ചാടി അവരെ കീഴടക്കി ജയിക്കയാൽ അവർ നഗ്നരും മുറിവേറ്റവരുമായി ആ വീട്ടിൽ നിന്നും ഓടിപ്പോയി.

ഈ സംഭവം ഒക്കെയും എഫേസോസിലെ സകല യഹൂദന്മാരും കേട്ടപ്പോൾ ഭയപരവശരായി, യേശുവിൻ നാമം മഹിമപ്പെടുകയും ചെയ്തു. വിശ്വസിച്ചവരിൽ അനേകരും വന്നു തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു. ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവന്ന് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. അങ്ങനെ പിശാചിന്റെ പ്രവൃത്തികൾ തകരുകയും ദൈവവചനം വ്യാപിച്ചു.



**"ദുരാത്മാവ് അവരോട്: യേശുവിനെ ഞാൻ അറിയുന്നു. പൗലോസിനെയും ചരിചയമുണ്ട്. എന്നാൽ നിങ്ങൾ ആർ ? എന്നു ചോദിച്ചു".**

തിരുവചനത്തിൽ പ്രസ്തുത വേദഭാഗം വായിക്കുമ്പോൾ നമുക്ക് നല്ല ഉത്സാഹവും പ്രചോദനവും പ്രോത്സാഹനവുമൊക്കെ തോന്നുമെങ്കിലും ഒരു ദൈവീക ഭയഭക്തി നമ്മെ ഭരിക്കേണ്ടതായിട്ടുണ്ട്. യേശുവിൽ ശക്തിയുണ്ട്, എന്നാൽ ആ ശക്തി യഥാർത്ഥത്തിൽ ദൈവത്തോട് ചേർന്ന് നല്ല ബന്ധം പുലർത്തുന്നവർക്കും പരിശുദ്ധ ഹൃദയമുള്ളവർക്കും മാത്രമേ സ്വായത്തമാക്കു വാൻ കഴിയൂ. പിശാചിന് യേശുവിനെ നന്നായി അറിയാം. അതുപോലെ സത്യസന്ധ രായ ദൈവദാസന്മാരെയും അവനറിയാം. അതുപോലെ രക്ഷിക്കപ്പെടാത്തവരെയും സാത്താന് മനസ്സിലാക്കാൻ സാധിക്കും. മനുഷ്യരുടെ ഹൃദയത്തിലുള്ള രഹസ്യപാപങ്ങളും  മറ്റും സാത്താന് നന്നായി അറിയാം. സ്കേവായുടെ ഏഴുമക്കളെപ്പോലെ കപടഭക്തിക്കാരെയും പിശാചിന് വേഗം തിരിച്ചറിയാൻ


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: സ്വയ പരിശോധന | അനുബന്ധ ലേഖനം: സ്വയ പരിശോധനയുടെ ഗുണങ്ങൾ | ചോദ്യവും - ഉത്തരവും<br>പരിശോധനാ സഹായി | നിങ്ങൾക്കറിയാമോ?<br>തക്കസമയത്തെ വാക്ക് |
| 3 | 4 | 5 | 7 | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

കഴിയും. പിശാചിന്റെ ആ ചോദ്യം എല്ലാവരും ശരിയായ നിലയിൽ പരിശോധിക്കണം. നീ ആരാണ്? എങ്ങനെ നിന്നെ തിരിച്ചറിയാം? നിന്റെ യഥാർത്ഥ സ്വഭാവം എന്ത്?

ഇന്ന് പലരും അവരുടെ പേര്, ഗോത്രം, കുലം, മതം, സഭ, പദവി എന്നിവയുടെ അടിസ്ഥാനത്തിലാണ് തിരിച്ചറിയുന്നത്. ആത്മീയ തിരിച്ചറിവുമായി താരതമ്യം ചെയ്യുമ്പോൾ ഇവ അപ്രസ ക്തമാണ്. സഭയിലുള്ള സ്ഥാനമോ മാനമോ മാനദണ്ഡമല്ല ഒരു വ്യക്തിയുടെ ആത്മീയ തിരിച്ചറിയലിനുള്ളത്. അതൊരു വ്യക്തിയുടെ സ്വഭാവശുദ്ധിയും പരമാർത്ഥ ഹൃദയവുമാണ് യഥാർത്ഥ ആത്മീയ തിരിച്ചറിയലിന്റെ നിർവ്വചനം.



**നീ ക്രിസ്ത്യാനി എന്ന പേര് അവകാശപ്പെടുകയും.....**
**പാപപങ്കിലമായ ജീവിതം നയിക്കുകയാണോ?**

ദൈനംദിന ജീവിതത്തിൽ വിശുദ്ധജീവിതം കൊണ്ടും സ്ഥിരമായ പരിശുദ്ധികൊണ്ടും ദൈവത്തെ പ്രസാദിപ്പിക്കുന്ന ജീവിതം നയിക്കുന്ന ഒരു വ്യക്തിയാണോ നിങ്ങൾ? ക്രിസ്ത്യാനി എന്ന പേര് അവകാശപ്പെടുകയും മറ്റുള്ളവരുമായുള്ള കൂട്ടായ്മാ ബന്ധം പുലർത്തുകയും ചെയ്യുന്നുണ്ടെങ്കിലും പാപപങ്കിലമായ രഹസ്യജീവിതം നയിക്കുകയാണോ? ഞായറാഴ്ച മാത്രം വിശുദ്ധികാണിക്കുകയും മറ്റെല്ലാ ദിവസങ്ങളും ലൗകികനെപ്പോലെ വസ്ത്രം ധരിച്ച് ലോകത്തിന് അനുരൂപമായി ജീവിക്കുകയാണോ? കർത്താവിങ്കലുള്ള സന്തോഷം നീ രുചിച്ചറിഞ്ഞിട്ടുണ്ടോ? നീ സത്യസന്ധനോ ഭോഷ്ക് പറയുന്നവനോ?

നിന്റെ ഭവനത്തിൽ നീ വലിയ സന്തോഷവും സ്നേഹവും നിറഞ്ഞ ഭാര്യയായി അല്ലെങ്കിൽ ഭർത്താവായി കാണിക്കുകയും സ്വകാര്യജീവിതത്തിൽ നിന്റെ ജീവിതപങ്കാളിയുമായി അവിശ്വസ്തത കാണിക്കുകയും ചെയ്യുന്ന വ്യക്തിയാണോ നീ ? ഇരുളിന്റെ മറവിൽ ചെയ്തുകൂട്ടുന്ന പാപങ്ങൾ നിനക്ക് ദൈവസന്നിധിയുടെ വെളിച്ചത്തിൽ എങ്ങനെ മറച്ചുപിടിക്കാനാകും? വാസ്തവത്തിൽ ആത്മീയ തിരിച്ചറിയലിന്റെ നിർവ്വചനം എന്നത് എന്തു ചെയ്തു എന്നതല്ല എന്താണ് ചെയ്യുവാൻ ആവശ്യമായിട്ടുള്ളത് എന്നുമല്ല, പ്രത്യുത നീ ഇപ്പോൾ ആരാകുന്നു എന്നതിനാണ് പ്രസക്തി.

ഒരു വ്യക്തിയുടെ ആത്മീയ തിരിച്ചറിയൽ ദൈവസന്നിധിയിൽ നിൽക്കുമ്പോഴാണ് ഒരു സ്വയപരിശോധനയിലൂടെ നമുക്ക് ഓരോരുത്തർക്കും ചോദിക്കാം "ആത്മീയമായി ഞാൻ ആരാകുന്നു?"

- MWS

**സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനിൽക്കുന്നവനോ കേട്ടുമറക്കുന്നവനല്ല പ്രവർത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നവനിൽ ഭാഗ്യവാൻ ആകും.**

**– യാക്കോബ് 1:25**

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീകവർദ്ധനയ്ക്കും ആകുന്നു. – എഫെസ്യർ 4:13.*

യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെടുകയും പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെടുകയും ചെയ്ത ഒരു വ്യക്തി പരിശുദ്ധിയിൽ കർത്താവിനെ സേവിക്കുവാൻ പ്രാപ്തനാകുന്നു. ഒരു ദൈവപൈതൽ വളരുവാൻ ആവശ്യമായതെല്ലാം ദൈവം എല്ലായ്പ്പോഴും നൽകുവാൻ തയ്യാറാണ്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ ക്രിസ്തുവിന്റെ സ്വഭാവത്തോടു അനുരൂപപ്പെടുക എന്നതാണ് നമ്മുടെ ആത്യന്തികമായ ലക്ഷ്യം. പരാജയഭീതിയോ ഭയമോ ഒരു വിശുദ്ധനെ സംബന്ധിച്ചിടത്തോളം ഒരു വിഷയമേയല്ല. അതിന്മേലെല്ലാം നമുക്ക് വിജയവും അധികാരവും നേടിയെടുക്കാൻ സാധിക്കും. ഒരു ആത്മീയമായ ക്രമപ്പെടുത്തൽ ദൈവം ചൂണ്ടികാണിക്കുമ്പോൾ നാം നിരുത്സാഹപ്പെടേണ്ടതില്ല. ന്യായവിധിക്കുവേണ്ടി നമ്മെ ഒരുക്കിയെടുക്കുവാൻ ദൈവത്തിന്റെ ദയയും സ്നേഹവും ഒരുപോലെ അനുവർത്തിക്കുന്നു.

ഇത്തവണത്തെ പംക്തിയിൽ ഒരു ദൈവശാസ്ത്രവിഷയത്തെയല്ല, പ്രത്യുത നമ്മുടെ ക്രിസ്തീയ ജീവിതത്തിന് ആവശ്യമായ സ്വയപരിശോധനയ്ക്ക് ഉതകുന്ന ചില തിരുവചനസത്യങ്ങളെ കുറിച്ചാണ് ഞാൻ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ ആന്തരികമായ അവസ്ഥയെ പലപ്പോഴും നാം കാണാറില്ല. നമ്മുടെ ഹൃദയത്തിലെ യഥാർത്ഥ അവസ്ഥയെ നാം മനസ്സിലാക്കുവാനും ഒരു സ്വയവിമർശനത്തിന് നമ്മെത്തന്നെ വിധേയമാക്കുവാൻ ഇത്തരം വചനങ്ങൾ നമ്മെ പ്രാപ്തരാക്കും. നമ്മുടെ മാനസാന്തരത്തെക്കാൾ കൂടുതലായി ഒന്നും തന്നെ ദൈവം ചെയ്യാൻ പോകുന്നില്ല.

ക്രിസ്തുവിനെ കുറിച്ച് പ്രാഥമികമായ അറിവുള്ളവരാണ് ലോകജനമെങ്കിലും അവർ പാപത്തിൽ ജീവിക്കുന്നു. എല്ലാവരും സത്യസന്ധരായി ജീവിക്കുകയും ദൈവവചനാനുസരണം ജീവിതത്തെ ക്രമീകരിക്കുകയും യാതൊരു ഒഴിവ് കഴിവും പറയാതെ, മറ്റുള്ളവരെ കുറ്റപ്പെടുത്താതെ ജീവക്കുന്നവരുമായാൽ എന്തു സംഭവിക്കും? പാപികൾ പാപബോധമുള്ളവരായിത്തീരേണം, എന്നാൽ വിശുദ്ധന്മാർ എന്നവകാശപ്പെടുന്നവർ വചനവിരുദ്ധ ജീവിതം നയിക്കുമ്പോൾ, അവരെ ഓർത്താണെനിക്ക് കൂടുതൽ ചിന്താഭാരമുള്ളതും.  ഈ പംക്തിയിൽ പ്രസ്തുത വിഭാഗത്തെ കൂടുതൽ ഊന്നൽ കൊടുക്കുകയും ചെയ്തിട്ടുള്ളത്. ആരും തന്നെ ദൈവവചനത്തിൽ നിന്നും ഒഴിവുള്ളവരല്ല. മിക്കവരും പ്രവർത്തിക്കുന്നത് ദൈവവചനത്തിൽ അവരുടേതായ ഒരു നിലവാരവും ചട്ടതിട്ടങ്ങളും രൂപപ്പെടുത്തി ദൈവത്തെ അതിനിടയിൽ തിരുകി വയ്ക്കുവാനാണ്. ദൈവം മാറുന്നവനല്ല, പ്രത്യുത നാമാണ് മാറ്റങ്ങൾക്ക് വിധേയരായി അവന്റെ ഇഷ്ടത്തിനനുസൃതമായി വർത്തിക്കേണ്ടത്. എങ്കിൽ മാത്രമേ യഥാർത്ഥ സമാധാനവും സംതൃപ്തിയും ദൈവത്തെ സേവിക്കുന്നതിൽ നമുക്ക് ലഭ്യമാകൂ. ആരും തന്നെ കണ്ടില്ല എന്നു കരുതി നമ്മുടെ തെറ്റുകളെ മൂടിവച്ച് ജീവിക്കുക പ്രയാസകരമായ കാര്യമത്രെ. ദൈവജനത്തിനിടയിൽ ജീവിച്ചുകൊണ്ട് ഇത്തരം ജനങ്ങൾ ലൗകീക ജീവിതത്തെയും ആസ്വദിച്ചു കഴിയുന്നത് എത്രയും ലജ്ജാകരവും ദുഃഖകരവുമാണ്.

നമ്മുടെ വിശ്വാസത്തെയും ഉപദേശത്തെയും നാം ഒരു സ്വയപരിശോധനയ്ക്ക് വിധേയമാക്കണം. ചിലപ്പോൾ ഉപദേശങ്ങളെല്ലാം കൃത്യമായിരിക്കും. അതേസമയം മനോഭാവവും സ്വഭാവപ്രകൃതവും ദൈവപ്രസാദത്തിന് യോഗ്യമല്ല എന്നതാകും അവസ്ഥ. ദൈവാത്മാവിനോട് നമുക്ക് നമ്മുടെ ഹൃദയങ്ങളെ തുറക്കാം. ദൈവത്തിന്റെ അഭിഷിക്തന്മാരുടെ ദൈവീക സന്ദേശങ്ങളെ ശ്രദ്ധയോടെ കേൾക്കാം. ദൈവത്തിന്റെ പരിശുദ്ധിയിൽ കൂടുതൽ കൂടുതൽ വളർന്നുകൊണ്ട് നമുക്ക് ഒരു സ്വയപരിശോധനയ്ക്ക് സമർപ്പിച്ചുകൊടുക്കാം.

**മൈക്കിൾ ഡബ്ല്യു. സ്മിത്ത്**

**ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.**

www.thegospeltruth.org

# ബൈബിൾ പഠനസഹായി

## വിഷയം : സ്വയ പരിശോധന



***വായനഭാഗം:*** "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ, നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ" - (2 കൊരി:13:5a)

**നിർവ്വചനം :** ഒരു വ്യക്തിയുടെ സ്വന്തം പെരുമാറ്റം, സവിശേഷത, സ്വഭാവം, ഉദ്ദേശശുദ്ധി, എന്നിവയെ സസൂഷ്മം പരിശോധിച്ചറിയുന്നതാണ് സ്വയപരിശോധന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**രത്നചുരുക്കം:** സ്വയപരിശോധന വളരെ പ്രാധാന്യത അർഹിക്കുന്ന ഒന്നാണ്. നാമതിന് വിധേയരാകാത്ത പക്ഷം നാം നമ്മെ തന്നെ നീതീകരിക്കുന്നവരായും, കപടഭക്തിക്കാരായും, നമ്മെതന്നെ ചതിക്കുന്നവരായും , പരിണിത ഫലത്തിൽ സ്വർഗ്ഗം നഷ്ടപ്പെടുന്നവരുമായിത്തീരും.

### I നിന്നെത്തന്നെ പരിശോധിക്കുക

A 2 കൊരി.13:5 പരിശോധന നിർദ്ദേശിച്ചിരിക്കുന്നു.
B. 1 കൊരി.11:27-31 സ്വയം വിധിക്കുക
C. സങ്കീ. 77:6 ആത്മാർത്ഥമായി അന്വേഷിക്കുക

### II സ്വയപരിശോധനയുടെ പ്രാധാന്യകത

A. 1 കൊരി.10:12 നീ വീഴാവുന്ന മോഹങ്ങൾ
B. റോമർ. 14:12-13 ദൈവത്തിന് കണക്ക് ബോധിപ്പിക്കണം
C. സദൃശ്യ. 21:2 സ്വന്തകണ്ണിൽ നീതിമാനായി തോന്നുക
D. ഗലാത്യർ 6: 7,8 നിത്യമായ തിക്താനുഭവങ്ങൾ
E. 1 കൊരി 6: 9-11 അനീതിയെ വിധിക്കുന്നു

### III ആത്മവ്യാമോഹം

A. സദൃശ്യ. 30: 12 സ്വന്തകണ്ണിന് പരിശുദ്ധമായി തോന്നുക
B. യാക്കോബ് 1 : 22-25 മറക്കുന്ന ഒരു ശ്രോദ്ധാവ്
C. ഗലാത്യർ 6: 3-4 അഹംഭാവം നമ്മെത്തന്നെ ചതിക്കുന്നു
D. മത്തായി 7: 1-5 കപടഭക്തിയെ പുറംതള്ളുക

### IV സ്വയനീതീകരണം

A. സദൃശ്യ. 20: 6-7 സ്വന്തഗുണങ്ങളെ പ്രഖ്യാപിക്കുന്നു
B. ലൂക്കോസ്. 16 : 15 നീ നിന്നെ തന്നെ നീതീകരിക്കുന്നു
C. 2 കൊരി 10: 17-18 സ്വയന്യായവിധി
D. മത്തായി. 3 : 7-9 പാരമ്പര്യത്തിൽ ആശ്രയിക്കരുത്

### V സ്വയ ന്യായീകരണം

A. മത്തായി 5 : 20. സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല
B. മത്തായി 23 :2-8 അവർ പറയും, ചെയ്യില്ല
C. മത്തായി 23 : 23-29 പുറമേ നീതീകരണം നടത്തുന്ന കപടഭക്തിക്കാർ

### VI രഹസ്യകാര്യങ്ങൾ

A. യോഹന്നാൻ 3 : 19-21 വെളിച്ചം വെളിപ്പെടുത്തുന്നു
B. സഭാപ്രസംഗി.12: 13-14. ദൈവം വിധിക്കും
C. സദൃശ്യ. 28: 13 പാപം മൂടിവക്കുന്നു

### VII നിന്റെ ഫലത്താൽ നിന്നെ വിധിക്കും

A. സദൃശ്യ.20 : 11 ബാലന്റെ ക്രീയകളാൽ തന്നെ അവനെ അറിയാം
B. മത്തായി. 7:13 :23 നല്ല വൃക്ഷം നല്ല ഫലം പുറപ്പെടുവിക്കുന്നു
C. യോഹന്നാൻ. 10 :27 ആട് ഇടയനെ പിൻഗമിക്കുന്നു
D. തീത്തൊസ് 2 :7-8 സൽ പ്രവൃത്തികളെ കാണിക്ക
E. മത്തായി 25 :33-46 സൽപ്രവൃത്തികൾ

### VIII മനുഷ്യന്റെ സമ്പൂർണ്ണ പരിശോധന

A. യോഹന്നാൻ.21 :15 നീ കൂടുതലായി എന്തിനെ സ്നേഹിക്കുന്നു
B. 1 കൊരി. 6 :20 ശരീരം കൊണ്ടും ആത്മാവുകൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുക
C.2 ദിനവൃത്താന്തം. 25 :1-2 ഹൃദയവും മനോഭാവവും

### IX ദൈവത്തിന്റെ പരിശോധനയെ അന്വേഷിക്കുക

A. സങ്കി.26 :2 കർത്താവേ എന്നെ പരിശോധിക്കണമേ
B. സങ്കി.139:23-24 എന്നെ അന്വേഷിക്കണമേ, കർത്താവേ

### X ആവശ്യങ്ങൾ അറിയുന്നു

A. 2 ശമു 12:7 മനുഷ്യൻ നിന്റെ കൈവേല
B. 2 ശമു 12 :13 ഞാൻ പാപം ചെയ്തിരിക്കുന്നു

### XI ദൈവമുമ്പാകെ വിശുദ്ധി ക്രമീകരിക്കുന്നു

A. 2 കൊരി.7 :10-11 നിന്നെ തന്നെ വിശുദ്ധീകരിക്കുക
B. അപ്പോ.24:16 ശുദ്ധ മനസാക്ഷി
C. 2 കൊരി 7:1 സമ്പൂർണ്ണ പരിശുദ്ധി
D. 2 പത്രോസ് 3:18 കൃപയിൽ വളരുക

### ഉപസംഹാരം

ഇങ്ങനെ ഇവയൊക്കെ അഴിയുവാനുള്ളതാകയാൽ, നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം- 2 പത്രോസ്. 3:11

ആത്മീയ

# സ്വയ പരിശോധനയുടെ ഗുണങ്ങൾ

**ന്യായവിധി ദിവസം വരുന്നു എന്നു അറിയുകയാൽ ഒരുവന്റെ പെരുമാറ്റം സ്വഭാവം പ്രേരണകൾ ആദിയായവ പരിശോധിക്കുന്നതിന് തിരുവചനം വളരെ പ്രാധാന്യം നല്കിയിരിക്കുന്നു. മാറ്റത്തിനുള്ള അവസരം ഇനിയും ഉള്ളതിനാൽ ന്യായവിധിയിൽ ചെന്ന് അകപ്പെടുന്നതു വരെ താമസിക്കാതെ ദൈവവചനത്താൽ വിലയിരുത്തപ്പെടുവാനുള്ള അവസരം പ്രയോജനപ്പെടുത്തുന്നതാണ് നല്ലത്.**



**"ദൈവഭയത്തിൽ ആത്മപരിശോധന നടത്താതിരുന്നാൽ വഞ്ചനയിൽ അകപ്പെടുന്നു. വചനം കേൾക്കുക മാത്രം ചെയ്തു കൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്ന വരായും ഇരിക്കുവിൻ"**

"ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടി വരും" (റോമർ 14:12) ഒരു ദിവസം എല്ലാവരും ന്യായവിധിയിൽ ദൈവ മുമ്പാകെ നാം ഈ ലോകത്തിൽ ജീവിച്ചതിന്റെ കണക്ക് ബോധിപ്പിണ്ടതായി വരും. നാം വിധിപ്പിക്ക പ്പെടുന്നത് എല്ലാവരും നമ്മെ പരിഗണിച്ചതിന്റെയോ നാം അഭിമുഖീകരിച്ച സാഹചര്യങ്ങളുടെയോ അടിസ്ഥാനത്തിൽ ആയിരിക്കുകയില്ല നമ്മുടെ ഹൃദയത്തിന്റെ അവസ്ഥയും ദൈനംദിന തീരുമാന ങ്ങളുടെയും ഇടപാടുകളുടെയും അടിസ്ഥാനത്തിൽ ആയിരിക്കും വിധിക്കപ്പെടുക.

## നിങ്ങളെതന്നെ പരിശോധിക്കുക

മറ്റുള്ളവരുടെ പാപവും കുറവുകളും കാണുവാൻ എളുപ്പമായിരിക്കേ പൗലോസ്, കൊരിന്ത്യലെ വിശ്വാസികളോട് ആവശ്യപ്പെടുന്നത്. "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെ തന്നെ പരീക്ഷിക്കുവിൻ; നിങ്ങളെത്തന്നെ ശോധന ചെയ്യുവിൻ' എന്നാണ് (2 കൊരിന്ത്യർ 13:5). മറ്റുള്ളവരുടെ ജീവിതത്തെ നോക്കി വിലയിരു ത്താതെ നിങ്ങളുടെ വിശ്വാസവും ജീവിതവും പരിശോധിക്കുക. ഹൃദയംകൊണ്ട് ധ്യാനിക്കുകയും ആത്മാവുകൊണ്ട് ശോധനകഴിച്ചാലും (സങ്കീർത്ത നങ്ങൾ 77:6) ദൈവവുമായുള്ള ബന്ധം ഉറപ്പാ ക്കുക. നാം എല്ലാവരും തെറ്റിപ്പോകുവാൻ സാധ്യതയുള്ള മനുഷ്യർ ആയതിനാൽ ആത്മശോ ധനയ്ക്ക് സമയം കണ്ടെത്താതിരുന്നാൽ അതു സംഭവിക്കും. ദീർഘവർഷങ്ങൾ ഒരുവൻ ദൈവത്തെ സേവിച്ചു എന്നതുകൊണ്ട് മാത്രം അയാൾ നിലവിൽ ദൈവത്തിന് പ്രസാദകരമായ ജീവിതം നയിച്ചുകൊള്ളും എന്ന് ഉറപ്പില്ല. "താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കു വാൻ നോക്കിക്കൊള്ളട്ടെ" (1 കൊരിന്ത്യർ 10: 12)

മനുഷ്യന്റെ വഴിയൊക്കെയും അവനു ചൊവ്വായി തോന്നുന്നു; യഹോവയോ ഹൃദയങ്ങളെ തൂക്കി നോക്കുന്നു.(സദൃശ്യ വാക്യങ്ങൾ 21:12). പരമാർത്ഥ മായി സ്വന്ത ഹൃദയത്തെ പരിശോധിക്കുന്നതി നെക്കാൾ എളുപ്പമാണ് മറ്റുള്ളവരുടെ ശരിയും തെറ്റും വിലയിരുത്തുവാൻ. ദൈവം ഹൃദയത്തിന്റെ സ്വഭാവത്തെ മാത്രമല്ല, അതിന്റെ എല്ലാ ഇടപാടുക ളെയും പരിശോധിക്കുന്നു. അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ സാദ്ധ്യമായ ജഡത്തിന്റെ ഇച്ഛകൾ അല്ല ദൈവയിഷ്ടമാണ് ചെയ്യുന്നത് എന്ന് വിവേകപൂർവ്വം സൂക്ഷ്മപരിശോധന സത്യസന്ധ മായി ചെയ്യുന്നത് നല്ലതാണ്. വഞ്ചനപ്പെടാ തിരിക്കുവിൻ, ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതയ്ക്കുന്നത് തന്നെ കൊയ്യും (ഗലാത്യർ 6: 7–8). 1 കൊരിന്ത്യർ 6: 9–11 ൽ തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നത് അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നാണ്. ദൈവത്തിങ്കലേക്ക് തിരിഞ്ഞ് നീതിയോടെ ജീവിക്കുന്നില്ല എങ്കിൽ ദുർന്നടപ്പു കാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വഭംഭോ ഗികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ മുതലായവർ എല്ലാ നിത്യമായ നരകത്തിൽ അകപ്പെടും. ലോകം മുഴുവൻ നാമധേയ ക്രിസ്ത്യാനികൾ ഈ വക പാപങ്ങൾ ചെയ്യുന്നു. മാനസാന്തരപ്പെടുന്നില്ലായെങ്കിൽ അവരുടെ നാശം ഉറപ്പാണ്. തങ്ങൾക്കു തന്നെ നിർമ്മല രായി തോന്നുന്നവരും അശുദ്ധി കഴുകി കളയാത്തതുമായ ഒരു തലമുറ ഉണ്ട് (സദൃശവാക്യങ്ങൾ 30:12).

## വഞ്ചനയുടെ ആപത്ത്

ദൈവഭലത്തിൽ ആത്മപരിശോധന നടത്താ തിരിക്കുന്നവർ വഞ്ചനയിൽ അകപ്പെടുന്നു. വചനം കേൾക്കുകമാത്രം ചെയ്തു കൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്ന വരായും ഇരിക്കുവിൻ (യാക്കോബ് 1: 22–25). വചനം സംബന്ധിച്ച് ബുദ്ധിപരമായ അറിവും ദൈവജനത്തോടു കൂടെയുള്ള കൂട്ടായ്മ കൊണ്ടും മാത്രം നാം ന്യായവിധിയിൽ സംരക്ഷിക്കപ്പെടുകയില്ല. കൂടുതൽ വിമർശനങ്ങൾ പറയുന്ന പലരുടെയും കണ്ണിൽ കോൽ തന്നെയുണ്ട്. സ്വന്തം കണ്ണിലെ കോൽ ഓർക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നത് എന്ത്? മുമ്പേ സ്വന്തം കണ്ണിൽ നിന്ന് കോൽ എടുത്തു കളയുക; പിന്നെ സഹോദരന്റെ കണ്ണിൽ നിന്ന് കരട് എടുക്കു വാൻ വെടിപ്പായി കാണും (മത്തായി 7:1–5).

## സ്വയനീതീകരണം ഒഴിവാക്കുക

ആർജ്ജവത്തോടും വിശ്വസ്തതയോടും കൂടെ ജീവിക്കുക എന്നത് ഒരു അനുഗ്രഹമാണ്. അത് തങ്ങളുടെ തന്നെ നന്മയെ കാണുന്നവരിൽ നിന്നും വളരെ വ്യത്യാസം ഉള്ളതാണ്. (സദൃശ്യവാക്യങ്ങൾ 20: 6–7). ഒരു തൊഴിലോ ആത്മീകമായ പ്രശംസയോ ഒരുവനെ രക്ഷിക്കു കയോ. ദൈവീക ശക്തി നൽകുകയോ ചെയ്യു ന്നില്ല. യേശു പറഞ്ഞു:"നിങ്ങൾ നിങ്ങളെ തന്നെ മനുഷ്യരുടെ മുമ്പാകെ നീതികരിക്കുന്നവർ ആകുന്നു: ദൈവം നിങ്ങളുടെ ഹൃദയം അറിയുന്നു" ലൂക്കോസ് (16 :15). ആത്മപരി ശോധന സ്വയനീതീകരണമല്ല.തന്നെത്താൻ പുകഴ്ത്തുന്നവനല്ല കർത്താവ്, പുകഴ്ത്തുന്ന വനത്രേ കൊള്ളാവുന്നവൻ (2 കൊരിന്ത്യർ 10:17). പല ആളുകളും ദൈവം, അംഗീകരിക്കാ ത്തതായി വ്യക്തതയുള്ള കാര്യങ്ങളുടെ നേരെ കണ്ണടയ്ക്കുന്നവരാണ്. ചില ആളുകൾ

കുടുംബത്തിന്റെ പേര്, കുലം, സഭാവിഭാഗം, നേതൃത്വം, എന്നിവയിൽ പുകഴുന്നവരാണ്. സ്നാപക യോഹന്നാൻ പരീശന്മാരോട് പറഞ്ഞത്: "അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്ന് ഉള്ളം കൊണ്ട് പറവാൻ തുനിയരുത് " (മത്തായി 3: 9) എന്നാണ്. കാരണം അവർ തങ്ങളെ തന്നെ നീതിമാന്മാരും വിശുദ്ധ പിതാക്കന്മാരുടെ പിൻതലമുറക്കാരും എന്ന് നിരൂപിച്ചു പോന്നിരുന്നു. നമ്മുടെ പിതാക്കന്മാരോ മുത്തച്ഛന്മാരോ ദൈവത്തിനു വേണ്ടി വളരെ സേവനങ്ങൾ ചെയ്തവർ ആയിരി ക്കാം. നാം ദൈവസഭയിൽ കൂട്ടായ്മയിൽ പങ്കുചേരുന്നുണ്ടായിരിക്കാം. എന്നാൽ ഇവ ഒന്നും നമ്മുടെ ജീവിതത്തെ തെറ്റു ചെയ്യുന്നതിൽ നിന്ന് സൂക്ഷിക്കുകയോ നീതീകരിക്കുകയോ ചെയ്യുകയില്ല.



"വ്യക്തികൾ ദൈവമുമ്പാകെ സത്യസന്ധരും നേരുള്ളവരും ആകുമ്പോൾ, തുടർച്ചയായ ആത്മീക വളർച്ച ഉണ്ടായികൊണ്ടിരിക്കും."

## അകമേ നോക്കുക

ബാഹ്യമായ മതവിശ്വാസവും ആരാധനയും നമ്മെ രക്ഷിക്കുകയില്ല. "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല" (മത്തായി 5: 20). കൂടാതെ മത്തായി 23:23-29ൽ കപടഭക്തിക്കാരായ മതനേതാക്കന്മാരെ കുറിച്ചും യേശു, വീണ്ടും പറഞ്ഞിരിക്കുന്നു. ശരിയായ വാക്കുകൾ സംസാരിക്കുന്ന അവർ ദൈവത്തിന്റെ നിയമം അനുസരിക്കുന്നില്ല. നീതിയായ വസ്ത്രം ധരിക്കുന്നവർ എങ്കിലും അവർ ജഡികന്മാരും അനീതി നിറഞ്ഞവരുമാണ്. അവർ കപടഭക്തിക്കാർ എന്ന് യേശു പറഞ്ഞു. ലളിതമായ വസ്ത്രധാരണം പ്രാധാന്യം അർഹിക്കുമ്പോൾ ആവശ്യങ്ങൾ പരിശോധിക്കപ്പെടണം, ബാഹ്യമായി അധമന്മാരും, അഹങ്കാരികളും, ഗർവ്വികളും ആയ ആളുകൾ ഭക്തരായി കാണാറുണ്ട്. നിങ്ങളെതന്നെ പരിശോധിക്കുക.

## ഒന്നും മറവായിരിക്കുന്നില്ല

അന്ധകാരത്തിന്റെ മറവിൽ നിന്നുകൊണ്ട് സ്വയനീതീകരണവും, ന്യായവും നടത്താതിരിക്കുവാൻ നാം എപ്പോഴും നമ്മെതന്നെ സത്യത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കണം. ദൈവം നല്ലതും തീയതുമായ സകലപ്രവർത്തിയെയും സകലരഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്ക് വരുത്തുമല്ലോ (സഭാപ്രസംഗി 12:13). നിങ്ങളുടെ ജീവിതത്തെ പരിശോധിച്ച് ദൈവീകമല്ലാത്ത യാതൊന്നിലും രമ്യപ്പെട്ടു പോകരുത്. ജനം പാപങ്ങളെ മറയ്ക്കുമ്പോൾ അവർ അഭിവൃദ്ധിപ്പെടുകയില്ല. തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരുകയില്ല; ഏറ്റുപറഞ്ഞ് അപേക്ഷിക്കുന്നവനോ കരുണ ലഭിക്കും സദൃശവാക്യങ്ങൾ 28: 13).

## ഫലം കൊണ്ട് തിരിച്ചറിയുക

സദൃശ്യവാക്യങ്ങൾ 20: 11 ൽ "ബാല്യത്തിലെ ക്രീയകളാൽ തന്നെ ഒരുത്തന്റെ പ്രവർത്തി വെടിപ്പും നേരുമുള്ളതുമാകുമോ എന്ന് അറിയാം" എന്നു വായിക്കുന്നു. ഒരു കുട്ടിയെ അറിയുന്നതു പോലെ നമ്മുടെ പ്രവർത്തിയിലെ സത്യസന്ധതയിൽ അറിയപ്പെടണം. നിങ്ങൾ ഏതു തരത്തിലുള്ള ഫലമാണ് പുറപ്പെടുവിക്കുന്നത്? നല്ല വൃക്ഷം നല്ല ഫലം പുറപ്പെടുവിക്കുമെന്നും അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയണമെന്നും യേശു പറഞ്ഞു (മത്തായി 7 : 16-23) . അതുകൊണ്ട് നാം നമ്മെതന്നെ തിരിച്ചറിയുക. ഒരുവന്റെ ജീവിതത്തെ പരിശോധിച്ച് നല്ല ഫലത്തെ കാണുന്നത് എത്ര അനുഗ്രഹമാണ്.

ആടിന്റെ വേഷം ധരിക്കുന്ന ചെന്നായ്ക്കളെക്കുറിച്ച് യേശു, പറഞ്ഞു. നമ്മുടെ ഇടയിൽ പ്രസംഗിക്കുകയും ദൈവശക്തിയെ കാണിക്കുകയും ചെയ്യുന്ന വ്യാജ ശുശ്രൂഷകന്മാർ ഉണ്ട്, യഥാർത്ഥത്തിൽ അവർ ആത്മീയ ചെന്നായ്ക്കൾ ആകുന്നു. യഥാർത്ഥ ആടുകൾ ഇടയന്റെ ശബ്ദം കേൾക്കുകയും അവനെ അനുഗമിക്കുകയും ചെയ്യുന്നതിനാൽ അവരുടെ ജീവിതത്തെ പരിശോധിക്കുമ്പോൾ ഉറപ്പും ധൈര്യവും ഉണ്ടായിരിക്കും. (യോഹന്നാൻ 10:27)

## ശരീരവും ആത്മാവും പരിശോധിക്കുക

ബാഹ്യവും ആന്തരികവുമായ നമ്മുടെ വ്യക്തിത്വം പൂർണ്ണമായും പരിശോധിക്കപ്പെടണം. "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കു ന്നുവോ? എന്ന് യേശു പത്രോസിനോട് ചോദിച്ചു (യോഹന്നാൻ 21:15). നിങ്ങൾ ലോകത്തിലുള്ള എന്തിനെക്കാളും അധികമായി ദൈവത്തെ സ്നേഹിക്കുന്നുണ്ടോ? ലോകത്തിലുള്ളവയ്ക്കാണോ ക്രിസ്തുവിനാണോ നിങ്ങളുടെ ജീവിതത്തിൽ പ്രാധാന്യം? നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ എന്ന് 1 കൊരിന്ത്യർ 6: 20 ൽ നമ്മെ ഉപദേശിച്ചിരിക്കുന്നു. കണ്ണാടിയിൽ നോക്കുന്ന ജനം അവരുടെ പ്രതിബിംബം കാണുന്നതു പോലെ വ്യക്തികൾ ആത്മീക കണ്ണാടിയിൽ നോക്കുകയും ദൈവവചനം കൊണ്ട് അവരുടെ ജീവിതത്തെ പരിശോധിച്ച് ആത്മീക യാഥാർത്ഥ്യം മനസ്സിലാക്കണം.

## ദൈവത്തിന്റെ ന്യായവിധി കാണുക

പ്രാർത്ഥനയുടെ നല്ല ഒരു മാതൃക ദാവീദ് രാജാവ് നമുക്ക് നൽകുന്നുണ്ട്. "ദൈവമേ എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയണമേ" (സങ്കീർത്തനം 139: 23-24). നാഥാൻ പ്രവാചകൻ ദാവീദിന്റെ പാപത്തെക്കുറിച്ച് ബോധ്യമാക്കിയപ്പോൾ അവൻ അതു ഗ്രഹിക്കുകയും പാപക്ഷമയ്ക്കായി അപേക്ഷിക്കുകയും ചെയ്തു. നമ്മിൽ ക്രിസ്തുവിന് യോഗ്യമല്ലാത്തതായി എന്തെങ്കിലും ഉണ്ടോ. എന്നു പരിശോധിക്കുവാൻ ദൈവമുമ്പാകെ ഹൃദയങ്ങളെ തുറക്കാം. നമ്മെതന്നെ പരിശോധിക്കാതിരിക്കുന്നത് പാപം ആകുന്നില്ലെങ്കിലും ആത്മീകതയെ തടസ്സപ്പെടുത്തുന്ന ഒരു ബലഹീനതയാണ്. നിങ്ങളെ തന്നെ പരിശോധിച്ച് അനുതാപത്തിന്റെ മാറ്റവും വിജയവും പ്രാപിക്കുക.

## ഒരുക്കമുള്ള ഒരു ഹൃദയം

" നാം ജഡത്തിലെയും ആത്മാവിലെയും സകലകന്മഷവും നീക്കി നമ്മെ തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചു കൊള്ളുക". (2 കൊരിന്ത്യർ 7: 1). "ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസാക്ഷി എല്ലായ്പോഴും ഉണ്ടായിരിക്കുവാൻ" പൗലോസ് ശ്രമിച്ചതുപോലെ നമുക്കും ഓരോദിവസവും ദൈവമുമ്പാകെ കുറ്റമില്ലാതിരിക്കുവാൻ ശ്രമിക്കാം. (അപ്പോ. പ്രവർത്തികൾ 24: 16). വ്യക്തികൾ ദൈവമുമ്പാകെ സത്യസന്ധരും നേരുള്ളവരും ആകുമ്പോൾ തുടർച്ചയായ ആത്മീക വളർച്ച ഉണ്ടായിക്കൊണ്ടിരിക്കും.

## പൂർണ്ണമായും കീഴടങ്ങുന്നതിലെ സന്തോഷം

നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചു എന്നും, ഹൃദയം ശുദ്ധവും, ദൈവത്തെ പ്രസാദിപ്പിക്കുവാനാണ് നിങ്ങളുടെ എല്ലാ ആഗ്രഹവും എന്ന് മനസ്സിലാക്കുമ്പോൾ ലഭിക്കുന്ന സമാധാനം അത്ഭുതാവഹമാണ്. യേശുവിനെപ്പോലെ സാത്താനോട് : " അവന് എന്നോട് ഒരു കാര്യവുമില്ല" എന്നു പറയുവാൻ കഴിയുന്നത് എത്ര ആശ്ചര്യകരമായ സാക്ഷ്യമാണ് (യോഹന്നാൻ 14: 30).

കാലം അതിന്റെ അന്ത്യത്തിലേയ്ക്ക് അടുത്തു എന്ന് അറിഞ്ഞിരിക്കുകയാൽ നിങ്ങൾ ഏതു തരത്തിലുള്ള വ്യക്തി ആകുന്നു? ദൈവം നമ്മുടെ ജീവിതത്തിലെ ആവശ്യങ്ങളെ സഹായിക്കുവാൻ മനസ്സോടെ കാത്തിരിക്കുകയാൽ നമ്മെതന്നെ ആത്മശോധന ചെയ്യുവാൻ വിസമ്മതിക്കാതിരിക്കാം.

- MWS

## ചോദ്യവും ഉത്തരവും

### വെളിപ്പാട് 4: 6 ൽ പറയുന്ന "പളുങ്കിനൊത്ത കണ്ണാടിക്കടൽ" എന്താണെന്ന് താങ്കൾക്കു വിവരിക്കാമോ?

തിരുവചനത്തിൽ വായിക്കുന്നത് സിംഹാസനത്തിന്റെ മുമ്പിൽ പളുങ്കിനൊത്ത കണ്ണാടിക്കടൽ : സിംഹാസനത്തിന്റെ നടുവിലും സിംഹാസനത്തിന്റെ ചുറ്റിലും നാലുജീവികൾ ; അവയ്ക്ക് മുമ്പുറവും പിമ്പുറവും കണ്ണുനിറഞ്ഞിരിക്കുന്നു" എന്നാണ്.

വെളിപ്പാട് 15: 2 ലും സമാനമായ ഒരു പളുങ്കു കടലിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഈ വാക്യങ്ങൾ ദൈവസിംഹാസനത്തിന്റെ മഹത്വവും ശോഭയുമാണ് ചിത്രീകരിച്ചിരിക്കുന്നത് എന്ന് പരിശോധിച്ചാൽ ഗ്രഹിക്കാം. എല്ലാക്കാലത്തെയും വിശുദ്ധന്മാർ സിംഹാസനത്തിനു ചുറ്റും കൂടി അത്യുന്നതനായ ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഈ തിരുവചനഭാഗം മനസ്സിലാക്കേണ്ടതും പഠിപ്പിക്കേണ്ടതും ആകുന്നു എങ്കിലും ചോദ്യത്തിനുള്ള ഉത്തരം ഞാൻ ഇപ്പോൾ നൽകാം.

പളുങ്കുപോലെയുള്ള കണ്ണാടിക്കടൽ സിംഹാസനത്തിന്റെ മുമ്പിലാണ് ഉള്ളത്. അത് വളരെ വ്യക്തവും കാഴ്ചയിൽ സ്ഫടികം പോലെയുമാണ്. ഈ പളങ്കുകടലിൽ നിന്നുകൊണ്ടാണ് വീണ്ടെടുക്കപ്പെട്ടവർ ദൈവത്തെ ആരാധിക്കുന്നത്. അത് അക്ഷരീകമായിട്ടല്ല, പ്രതീകാത്മകമായി മനസ്സിലാക്കേണ്ട ഒന്നാണ്. അതു പ്രതിനിധീകരിക്കുന്നത് സത്യം, വിശുദ്ധി വ്യക്തത എന്നിവയാണ്. യഥാർത്ഥ ദൈവസഭ ക്ഷയവും മാലിന്യവുമില്ലാതെ സ്നേഹത്തിലും വിശുദ്ധിയിലും നിൽക്കുന്നതാണ്. ഈ ഭൂമിയിൽ ജീവിക്കുന്ന വിശുദ്ധന്മാരും ഇതുപോലെ മറയ്ക്കുവാനോ പൂഴ്ത്തിവയ്ക്കുവാനോ ഇല്ലാതെ കണ്ണാടിക്കടലിനു സമാനമായി നിൽക്കുന്നു. നാം എന്നു പറയപ്പെടുന്ന നമുക്ക് ന്യായീകരിക്കുവാനോ മറച്ചുവയ്ക്കുവാനോ, അനീതിയോട് വിട്ടുവീഴ്ചയോ ഇല്ല. ക്രിസ്ത്യാനുകളും, കൂട്ടായ്മകളും, ശുശ്രൂഷകന്മാരും തുറന്ന ജീവിതം നയിക്കുന്നില്ല എങ്കിൽ അവിടെ ഏതെങ്കിലും തെറ്റും പ്രശ്നവും ഉണ്ടാകും. നമുക്ക് വിശുദ്ധിയോടെ നിന്ന് സ്തുതിയുടെ ശബ്ദമുയർത്തി ദൈവത്തിന്റെ നീതിയിലും വിശുദ്ധിയിലും വ്യക്തതയിലും നിൽക്കാം.



- MWS

## പരിശോധനാ സഹായി

ഞാൻ.....



| | എല്ലായിപ്പോഴും | ചിലപ്പോൾ | ഒരിക്കലുമില്ല |
|---|---|---|---|
| ദൈവത്തെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നുവോ? | ☐ | ☐ | ☐ |
| ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും കർത്താവിനോട് അനുസരണമുള്ളവനാണോ? | ☐ | ☐ | ☐ |
| സംസാരിക്കുന്നത് കൃപയോടും സ്നേഹത്തോടും കൂടെയാണോ? | ☐ | ☐ | ☐ |
| എനിക്കു നേരെയുള്ള അതിക്രമക്കാരോട് ക്ഷമിക്കുന്നുണ്ടോ? | ☐ | ☐ | ☐ |
| മാതൃകാപരമായ വസ്ത്രധാരണം ചെയ്യുന്നുണ്ടോ? | ☐ | ☐ | ☐ |
| ആരാധനയിൽ സംബന്ധിക്കുന്നതിൽ വിശ്വസ്തനാണോ? | ☐ | ☐ | ☐ |
| പ്രാർത്ഥനയിലും വചനപാരായണത്തിലും ഉറ്റിരിക്കുന്നുണ്ടോ? | ☐ | ☐ | ☐ |
| ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ലജ്ജയ്ക്കു കാരണമാകാവുന്ന കാര്യങ്ങൾ ശ്രദ്ധിക്കുകയോ കാണുകയോ ചെയ്യുന്നുണ്ടോ? | ☐ | ☐ | ☐ |
| ജീവിതത്തിൽ എന്തെങ്കിലും മറയ്ക്കുവാൻ ശ്രമിക്കുന്നുണ്ടോ? | ☐ | ☐ | ☐ |
| കാഴ്ചപ്പാടിനു വിധേയമായി ജീവിതത്തെ വിനയപ്പെടുത്തുന്നുണ്ടോ? | ☐ | ☐ | ☐ |
| സഭയിൽ വിശുദ്ധനായിരിക്കുന്നത് പോലെ വീട്ടിലും വിശുദ്ധനാണോ? | ☐ | ☐ | ☐ |

Printed matter only

**MALAYALAM EDITION**



**നിങ്ങൾക്ക് അറിയാമോ?**



കപടഭക്തിക്കാർ എന്ന യേശുവിന്റെ പ്രയോഗം ഇന്നു കാണുന്ന നിർവ്വചനത്തെക്കാൾ അധികമായി -ഒന്ന് പറഞ്ഞിട്ട് മറ്റൊന്ന് പ്രവർത്തിക്കുന്നതും, രണ്ട് മുഖം കാണിക്കുന്നതും, വ്യാജമുള്ളതും ആകുന്നു എന്നാണ്. ഗ്രീക്കിൽ അതിന്റെ മൂലപദം "വേദിയിലെ അഭിനേതാക്കൾ" എന്നാണ്. ഒരു സാങ്കല്പിക കഥാപാത്രത്തെ അഭിനേതാവ് അവതരിപ്പിക്കുന്നത് കാണികളുടെ അംഗീകാരവും കൈയ്യടിയും ലഭിക്കുവാനാണ്. കാണികൾ എല്ലാം പോയി കഴിഞ്ഞ് കാഴ്ചക്കാർ ഇല്ലാതാകുമ്പോൾ അഭിനേതാവ് യഥാർത്ഥവും തികച്ചും വ്യത്യസ്തവുമായ തന്റെ ജീവിതത്തിലേക്ക് മടങ്ങുന്നു.



**തക്കസമയത്ത് പറഞ്ഞ വാക്ക്**

# അന്യോന്യം കൈക്കൊള്ളുക

*അതുകൊണ്ട് ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈക്കൊണ്ടതു പോലെ നിങ്ങളും അന്യോന്യം കൈക്കൊള്ളുവിൻ– റോമർ 15:7*

സ്നേഹവായ്പ്പോടെ ക്രിസ്തു സൗഹൃദവും ഊഷ്മളതയും എല്ലാം ജനതകളിലേയ്ക്കും, രാജ്യങ്ങളിലേയ്ക്കും ഭാഷകളിലേയ്ക്കും, വംശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നു. വൈവിദ്ധ്യമാർന്ന വ്യക്തിത്വത്തിലും പശ്ചാത്തലത്തിലുമുള്ളവരെ അവിടുന്ന് സ്വീകരിക്കുന്നു. നമ്മുടെ തകർച്ചയിലും ദാരിദ്ര്യത്തിലും ക്രിസ്തു നമ്മെ സ്വീകരിക്കുന്നു. അവിടുത്തെ സ്നേഹത്താൽ നാം നഷ്ടപ്പെട്ടിരുന്ന അവസ്ഥയിലേയ്ക്ക് നമ്മെ തേടി വരുകയും അവിടുത്തെ കൃപയാൽ നമ്മെ ഉയർത്തുകയും ചെയ്തു. രക്ഷ സമൂലമായ ഒരു മാറ്റം നമുക്ക് നൽകിയപ്പോൾ തന്നെ നമ്മിൽ എല്ലാവർക്കും നിസ്തുല്യമായ വ്യക്തിത്വവും സ്വഭാവവും ഉണ്ട്. മാനുഷികമായ സവിശേഷതകളും ബലഹീനതകളും നമുക്കുണ്ട്. ഇവയെല്ലാം ഉൾകൊണ്ട് തന്നെ ക്രിസ്തു നമ്മെ സ്വീകരിക്കുകയും വലിയ സ്നേഹം നൽകുകയും ചെയ്യുന്നു. ഇനി നാം പുറം തള്ളപ്പെട്ടവരോ അന്യരോ ആകാതെ ദൈവരാജ്യത്തിലെ പൗരന്മാരാണ്.



ക്രിസ്തു നമ്മെ സ്വീകരിച്ചതു പോലെ നാമും അന്യോന്യം സ്വീകരിക്കണം. കർത്താവിൽ സഹോദരീ സഹോദരന്മാർ എന്നെപ്പോലെ കൂട്ടു വിശ്വാസികൾക്കായി ഹൃദയങ്ങളെ തുറക്കുകയും സ്നേഹവും ബഹുമാനവും നൽകുകയും വേണം. ക്രിസ്തു നമ്മെ സ്വീകരിച്ചത് നമ്മുടെ പൂർണ്ണതയിൽ ആയിരുന്നില്ല, അപൂർണ്ണതയിൽ ആയിരുന്നു. അതിൽ കുറഞ്ഞ് നമുക്കും എങ്ങനെ കഴിയും? അഭിപ്രായങ്ങളുടെയും വിവിധ വ്യക്തിത്വങ്ങളുടെയും മതിൽ പണിയാതെ ദിവ്യ സ്നേഹത്താലും അംഗീകാരത്താലും നാം ഇടപെടണം. ക്രിസ്തു നമ്മെ സ്വീകരിച്ചതു പോലെ മറ്റുള്ളവരെ സ്വീകരിച്ചുകൊണ്ട് ദൈവവുമായി തുടർന്നും കൂട്ടായ്മയിൽ ആയിരിക്കുമോ?

മറ്റ് ക്രിസ്ത്യാനികൾ വിശ്വാസത്തിലും ഗ്രഹിക്കുന്നതിലും ബലഹീനരാകുന്നു എങ്കിൽ നാം അവരെ വിട്ടുകളയുകയോ ഉപേക്ഷിക്കുകയോ അരുത്. പൗലോസ് ഉപദേശിക്കുന്നത്: "സംശയ വിചാരങ്ങളെ വിധിക്കാതെ വിശ്വാസത്തിൽ ബലഹീനരായവനെ ചേർത്തു കൊള്ളുവിൻ" എന്നാണ് (റോമർ 14:1). ന്യായപ്രമാണത്തിലെ ചില ആചാരങ്ങളെ അനുഷ്ഠിച്ചിരുന്ന യഹൂദ ക്രിസ്ത്യാനികളെ ഉദ്ദേശിച്ചാണ് പൗലോസ്, പറയുന്നത്. കൂട്ടായ്മകളിൽ അവരെ സ്വീകരിക്കുവാനും അംഗീകരിക്കുവാനുമാണ് പൗലോസ്, നിർദ്ദേശിക്കുന്നതു. സംശയമോ മറ്റ് മുൻവിധികളോ ഇല്ലാതെ അവരെ സ്വീകരിക്കണം എന്നാണ് അവർ വ്യക്തമാക്കുന്നത്. അവർക്കെതിരെ വിവേചനം കാണിക്കുകയോ, തള്ളിക്കളയുവാനായി മനഃപൂർവ്വമായ സംസാരമോ ഉണ്ടാകരുത്. സ്നേഹത്തോടും ഊഷ്മളതയോടും കൂടെ അവരെ സ്വീകരിക്കുക.

ദൈവമക്കളുടെ ഇടയിൽ രണ്ടുപേർ പരസ്പരം വിശ്വാസത്തിൽ ബലഹീനൻ എന്ന് പരിഗണിക്കുന്നത് വിരോധാഭാസമാണ്. വിശ്വാസികളിലെ ചെറിയ കാര്യങ്ങളിൽ പരസ്പരം സംശയത്തോടും ഉദ്വേഗത്തോടും കാണുന്നത് അവരിൽ കൂടുതലാണ്. തള്ളിക്കളയുന്നതിനെക്കാൾ ഉപരി സ്വീകരിക്കുവാൻ ഒരുമയുള്ളവരായിരിക്കുവാനാണ് വചനം നമ്മെ പഠിപ്പിക്കുന്നതു. "അന്യോന്യം കൈക്കൊള്ളുക"

- MWS

if Undelivered
Please return to:


***Contact:***

The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**

പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര – 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**